## വ്യക്തിപരമായ വിശദീകരണം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഇന്നലെ അടിയന്തര പ്രമേയത്തിന്റെ വാക്കൗട്ട് പ്രസംഗത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്റെ പേഴ്സണൽ സ്റ്റാഫിൽ അജയഘോഷ് എന്നൊരാളുണ്ടെന്ന് ആരോപിച്ചിരുന്നു. എന്റെ പേഴ്സണൽ സ്റ്റാഫിൽ അങ്ങനെയൊരാളുണ്ടായിട്ടില്ല. നേരത്തെയുമില്ല, ഇപ്പോഴുമില്ല. അതുകൊണ്ട് അദ്ദേഹം നടത്തിയ പ്രസ്താവന യഥാർത്ഥത്തിൽ അടിസ്ഥാനരഹിതവും വസ്തുതാ വിരുദ്ധവും സത്യവിരുദ്ധവുമാണ്. എന്നെ അപകീർത്തിപ്പെടുത്തുന്നതിനായി ഏതോ ഒരാളെ ബന്ധപ്പെടുത്തി നടത്തിയ ആ പ്രസംഗം അദ്ദേഹം തിരുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ദയവായി അദ്ദേഹം അത് തിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എന്നെ അങ്ങേയറ്റം വേദനിപ്പിച്ച കാര്യമാണത്. വസ്തുതയുമായി ഒരു ബന്ധവുമില്ല. അത് പരിശോധിച്ച് നീക്കം ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു.